LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 23, വ്യാഴം

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1986 ഒക്ടോബർ 23-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വെള്ളപ്പൊക്കവും അതിവർഷവുംമൂലം ഉണ്ടായ നാശനഷ്ടം

* 55. [55] ശ്രീ. എ. വി. താമരാക്ഷൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. പി. എം. അബൂബക്കർ :
,, കെ. പി. പ്രഭാകരൻ :
,, ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വെള്ളപ്പൊക്കവും അതിവർഷവും മൂലം എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി ;

(ബി) ഓരോ ജില്ലയിലുമുണ്ടായ നഷ്ടം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഓരോ ഇനങ്ങളിലും എത്ര വീതം ;

(ഡി) സംസ്ഥാനം കേന്ദ്ര സർക്കാരിനോട് എന്തു തുക ദുരിതാശ്വാസമായി ആവശ്യപ്പെട്ടു ;

(ഇ) അതിൽ എന്തു തുക ലഭിച്ചു ;

(എഫ്) ഇതിൽ ഗ്രാൻറായി ലഭിച്ചത് എത്രയെന്ന് വ്യക്തമാക്കാമോ ;

(ജി) ഈ വർഷത്തെ വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം ഇവമൂലം ദുരിതമനുഭവിക്കുന്നവർക്ക് ഇതുവരെയായി നൽകിയ സംഖ്യ എത്ര ;

(എച്ച്) ദുരിതമനുഭവിക്കുന്നവരെ പുനഃരധിവസിപ്പിക്കുവാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചു ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ വർഷത്തെ വെള്ളപ്പൊക്കവും അതിവർഷവും മൂലം 349.25 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

(ബി) നാശനഷ്ടം ജില്ല തിരിച്ച് കണക്കാക്കിയിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) സംസ്ഥാനം കേന്ദ്ര സർക്കാരിനോട് 213.62 കോടി രൂപ ദുരിതാശ്വാസമായി ആവശ്യപ്പെട്ടു.

(ഇ) അത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ അടിയന്തിര ആശ്വാസ നടപടികൾക്കായി വേയ്സ് ആൻറ് മീൻസ് അഡ്വാൻസായി 10 കോടി രൂപ കേന്ദ്ര സർക്കാർ തന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഈ വർഷത്തെ വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം ഇവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ഇതുവരെയായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും 10 കോടി രൂപ നല്കികഴിഞ്ഞു. 1.3975 കോടി രൂപ മാർജിൻ മണിയിൽ നിന്നും നൽകിയിട്ടുണ്ട്.

(എച്ച്) ദുരിതമനുഭവിക്കുന്നവരെ പുനഃരധിവസിപ്പിക്കുവാൻ താല്ക്കാലിക ആശ്വാസ കേന്ദ്രങ്ങളും മറ്റും തുറന്നിട്ടുണ്ടായിരുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഈ ചോദ്യത്തിൽ 'സി' ക്ക് ഉത്തരമായി ഓരോ ഇനങ്ങളിലും എത്ര വീതം എന്ന ചോദ്യം ഉണ്ട് ? അത് അനുബന്ധമായി ചേർത്തിരിക്കുന്നുവെന്നു പറഞ്ഞു. ഞാൻ ഒന്നാമത്തെ ചോദ്യകർത്താവാണ്. അനുബന്ധമായി ചേർത്തിരിക്കുന്നതിന്റെ കോപ്പി എനിക്ക് കിട്ടിയില്ല. അത് കിട്ടാതെ എങ്ങനെയാണ് എനിക്ക് ഉപ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുക. ഒന്നാമത്തെ ചോദ്യകർത്താവ് എന്നുള്ള നിലയിൽ അനുബന്ധമായി ചേർത്തിട്ടുള്ളതിന്റെ കോപ്പി ഇവിടെ തരേണ്ടതാണ്. വെള്ളപ്പൊക്കംമൂലം എത്ര കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നാണ് ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളതെന്ന് ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : അനുബന്ധമായി ചേർത്തിട്ടുള്ളത് ഞാൻ വായിക്കാം.

(സഭയിൽ വായിച്ചു)

ശ്രീ. എ. വി. താമരാക്ഷൻ : കൃഷി ഇനത്തിൽമാത്രം 57 കോടി രൂപയുടെ നാശനഷ്ടമുണ്ടായി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. കേരളത്തിൽ വെള്ളപ്പൊക്കംമൂലം 57 കോടി രൂപയുടെ കൃഷി നശിച്ചതിനുശേഷം രണ്ടു മാസമായിട്ടും കൃഷിക്കാർക്ക് കൃഷിയിറക്കാൻ മാർഗ്ഗമില്ലാതായിരിക്കുകയാണ്. അതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : കൃഷിനാശം പ്രധാനമായിട്ടും ഉണ്ടായത് ഒക്ടോബർ മാസത്തിലെ കൃഷിക്കും നാണ്യവിളകൾക്കുമാണ്. കഴിഞ്ഞ വർഷവും ഇതേ ഇനത്തിലുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നടപടികൾ, ഈ വർഷം എന്തു ചെയ്തിരിക്കുന്നു എന്നുള്ളതിന് വ്യക്തമായ സൂചന ലഭിക്കും. കഴിഞ്ഞ വർഷം നെൽവിത്ത് കൊടുക്കുകയുണ്ടായി. ഈ വർഷവും ഒരു ഏക്കറിന് 40 കിലോഗ്രാം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വച്ച് നെൽവിത്ത് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു കഴിഞ്ഞു. നാഷണൽ സീഡ്സ് കോർപ്പറേഷനിൽനിന്ന് വിത്ത് വരുത്തിയിട്ടാണ് കൊടുക്കുന്നത്. അതിന് ഒരു ചുരുങ്ങിയ സമയം ആവശ്യമാണ്. കഴിഞ്ഞ വർഷം നെൽവിത്ത് കിട്ടാത്തതായി യാതൊരു ആക്ഷേപവും ഇല്ല. അതുപോലെ റബ്ബർ തൈകളും തെങ്ങിൻ തൈകളും ഉൾപ്പെടെ കഴിഞ്ഞ വർഷം ഏതാണ്ട് 12 ലക്ഷത്തോളം തൈകളും സൗജന്യമായി വിതരണം നടത്തുകയുണ്ടായി. ആ നിലയ്ക്കുള്ള നടപടികളും ഈ വർഷവും ആരംഭിച്ചിട്ടുണ്ട്. നാണ്യവിളകളുടെ തൈകളും കൊടുക്കണമെങ്കിൽ നേഴ്സറികളും ഡവലപ്പ് ചെയ്തത് അടുത്ത സീസണിലേ കൊടുക്കാൻ കഴിയൂ. ഈ വർഷം നെൽവിത്ത് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ഇതിനോടകംതന്നെ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞത് 57 കോടി രൂപയുടെ കൃഷിനാശമുണ്ടായിട്ട് രണ്ടു മാസമായിട്ടും ഗവൺമെന്റ് ആകെ ചെയ്തത് ഒരു ഏക്കറിന് 40 കിലോഗ്രാം നെൽവിത്ത് കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവെന്നു മാത്രമാണ്. ഏതായിരുന്നാലും ആലപ്പുഴ ജില്ലയിൽ കടൽക്ഷോഭംമൂലം ഓമനപ്പുഴയിൽ 52 വീടുകളും ആലപ്പുഴയിൽ 22 വീടുകളും ആറാട്ടുപുഴയിൽ 64 വീടുകളും കടൽവെള്ളത്തിൽ ഒലിച്ചുപോയി. ആ കുടുംബങ്ങൾക്ക് പകരം ഹൗസ് സൈറ്റ് കൊടുക്കാനോ അവർക്ക് വീടുവയ്ക്കാൻ ധനസഹായം കൊടുക്കാനോ എന്തെങ്കിലും നടപടി സ്വീകരിച്ചോ ?

ശ്രീ. പി. ജെ. ജോസഫ് : കഴിഞ്ഞ കൃഷിക്ക് ഇതിലേറെ നാശമുണ്ടായി. കേന്ദ്രഗവൺമെന്റിൽ നിന്നും കാർഷിക മേഖലയ്ക്കുമാത്രം അനുവദിച്ചുകിട്ടിയത് അഞ്ചര കോടി രൂപ മാത്രമാണ്. നഷ്ടപരിഹാരം എന്നുള്ള നിലയിലല്ല മറിച്ച് രണ്ടാമത്. കൃഷിയിറക്കാനുള്ള ഒരു സഹായമാണ് നൽകുന്നത്. ആ നിലയ്ക്ക് തൈകളാണ് പ്രധാനമായിട്ടും കൊടുക്കാൻ കഴിയുന്നത്. വീട് പോയതിനെപ്പറ്റി ഇവിടെ ചോദിച്ചു. വീട് പോയാൽ, പരിപൂർണ്ണമായി ഹൗസ് സൈറ്റ് നഷ്ടപ്പെട്ടവർക്ക് ഭൂമി എടുത്ത് അവിടെ വീടുവച്ച് കൊടുക്കേണ്ടതായിട്ടുണ്ട്. അത് ഒട്ടും കാലതാമസം കൂടാതെയാണ് ചെയ്യുന്നത്. ഒന്നുരണ്ടുമാസംകൊണ്ട് പുനരധിവാസം പൂർത്തിയാവുകയില്ല. അതിന് ഏതാനും മാസം എടുക്കുമെന്നുള്ളതു തികച്ചും സ്വാഭാവികമാണ്. ആ പോയ വീടുകൾക്കെല്ലാം ഹൗസ് സൈറ്റ് ഉൾപ്പെടെ വീടുവച്ച് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ചോദ്യം 'ബി' ക്ക് ഉത്തരമായി ഓരോ ജില്ലയിലുമുണ്ടായ നാശം എത്ര വീതമെന്ന് വെളിപ്പെടുത്താമോ എന്നു ചോദിച്ചതിന് അങ്ങ് പറഞ്ഞത് ജില്ലയുടെ അടിസ്ഥാനത്തിൽ അല്ല റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെന്നാണ്. ഓരോ ജില്ലയിലും ഇത്രയിത വീതം നഷ്ടമുണ്ടായി എന്നുള്ള കണക്കുകൾ ഇല്ലാതെ പിന്നെ എങ്ങനെയാണ് സഹായം കൊടുക്കുക ? ആലപ്പുഴ ജില്ലയിൽ സാധാരണ കുട്ടനാട്ടു മാത്രമാണ് അങ്ങ് പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിലുള്ള കരിനിലങ്ങളിലെ മുഴുവൻ കൃഷിയും നശിച്ചുപോയി. അതിന്റെ കണക്ക് ഇതുവരെ എടുത്തിട്ടില്ല. കരിനിലങ്ങളിൽ ഒരൊറ്റ മണി നെല്ലുപോലും കിട്ടാത്തവിധം ഈ പ്രാവശ്യം കൃഷി നശിച്ചു പോയി. അതുപോലെ പള്ളിത്തോട്ടിൽ കടൽ കയറി ആയിരക്കണക്കിന് വീടുകൾ ഒലിച്ചു പോയി. ഇതിന്റെയൊന്നും കണക്ക് എടുക്കാതെ ജില്ല തിരിച്ചുള്ള കണക്ക് ഇല്ലാതെ, എന്ത് കണക്കാണ് കേന്ദ്രത്തിന് അയച്ചുകൊടുത്തു എന്നാണ് പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : സർ, വിശദമായ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ പറയുന്നത് ഗുണകരമായിരിക്കുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി : ഗുണകരമായിരിക്കുകയില്ലെന്ന് പറഞ്ഞതുകൊണ്ട് പിന്നേയും ചോദിക്കുകയാണ്. കരിനിലങ്ങൾ എന്നു പറയുന്നത് ഒരുപ്പു നിലങ്ങളാണ്. അത് കൊയ്യേണ്ടത് കന്നിമാസത്തിലാണ്. അവിടെ വെള്ളം കയറി കൃഷി നഷ്ടപ്പെട്ടു കഴിഞ്ഞതിനുശേഷം കൃഷിവികസന ഓഫീസുകളിൽ ആയിരക്കണക്കിന് ആളുകളെക്കൊണ്ട് പെറ്റീഷനും കൊടുപ്പിച്ചതിനുശേഷം നെല്ല് കൊയ്തു എടുക്കേണ്ട സമയം കഴിഞ്ഞിട്ടും ഇതേവരെ ഒരുമണിനെല്ലും ആ പ്രദേശത്തുള്ള ആളുകൾക്ക് കൊടുത്തില്ലായെന്നു മാത്രമല്ല മറ്റു വിധത്തിലുള്ള നടപടികളുമാണ് സ്വീകരിച്ചത്. ചിലയിടത്ത് വസ്ത്രം കൊടുത്തിട്ടുണ്ട്. അതൊക്കെ പക്ഷപാതപരമായിട്ടാണ് നൽകിയിട്ടുള്ളത്. ഒരു സ്കൂളിൽത്തന്നെ മാറി പാർപ്പിച്ചിട്ടുള്ള കുടുംബങ്ങളിലെ ചില ആളുകളെമാത്രം തെരഞ്ഞുപിടിച്ച് സഹായം കൊടുക്കുന്നതായിട്ടുള്ള പരാതിയെപ്പറ്റി ഒന്ന് അന്വേഷിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഇതിൽ യാതൊരു പക്ഷപാതവും കാണിക്കണമെന്ന് ഗവൺമെൻറിന് ആഗ്രഹം ഇല്ല. അങ്ങനെ എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അതിനെക്കുറിച്ച് അന്വേഷിക്കാം. പൊതുവേ എല്ലായിടത്തും വിതരണം നടത്തുന്ന നടപടിയാണ് ഗവൺമെൻറ് കൈക്കൊണ്ടത്. നെൽവിത്തിൻറെ കാര്യത്തിൽ നാഷണൽ സീഡ്സ് കോർപ്പറേഷനിൽ നിന്ന് വിത്തു വരുത്തിയാണ് കൊടുക്കുന്നത്. ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് അത് അറിയാവുന്നതാണ്. ആ വിത്ത് ഇവിടെ കിട്ടാനുള്ള കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇപ്പോൾ കൊടുക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : ഈ കൃഷിനാശം ഉണ്ടായവർക്ക് 40 കിലോഗ്രാം വിത്ത് കൊടുക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ടെന്ന് പറയുന്നുണ്ടല്ലോ. വെള്ളപ്പൊക്കം ആഗസ്റ്റിൽ ഉണ്ടായതാണ്. രണ്ടുമാസം കഴിഞ്ഞു, വെള്ളപ്പൊക്കമുണ്ടായിട്ട്. വെള്ളമിറങ്ങിക്കഴിഞ്ഞാലുടനെ വീണ്ടും കൃഷിയിറക്കിയില്ലെങ്കിൽ ഒരു സീസൺ നഷ്ടപ്പെടും. എന്നെങ്കിലും കൃഷിയിറക്കിയാൽ പോര. വെള്ളപ്പൊക്കമുണ്ടായി രണ്ട് മാസം കഴിഞ്ഞിട്ടും ഒരു മണിവിത്തു പോലും കൊടുത്തുവെന്ന് പറയുവാൻ മന്ത്രിക്ക് കഴിഞ്ഞിട്ടില്ല. പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും സഹായം കിട്ടുന്നതിനുമുമ്പുതന്നെ റിവോൾവിംഗ് ഫണ്ടിൽനിന്നും പെട്ടെന്ന് കൃഷിയിറക്കുന്നതിനുവേണ്ടി സഹായം കൊടുക്കുവാൻ കഴിയും. ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന വിഹിതമുണ്ട്. അതിൽനിന്നും സഹായം കൊടുക്കുവാൻ എന്താണ് തടസ്സം ? രണ്ട് മാസമായിട്ടും എന്തുകൊണ്ടാണ് വീണ്ടും കൃഷിയിറക്കുന്നതിനുള്ള സഹായം കൊടുത്തിട്ടില്ലെന്നുള്ളതിൻറെ വിശദീകരണം തരണം.

ശ്രീ. പി. ജെ. ജോസഫ് : ഇതിന് തുകയുടെ അഭാവമല്ല, ആവശ്യമായ തുക കൊടുത്തുകഴിഞ്ഞിട്ടുണ്ട്. എത്ര തുക ചെലവാക്കിയാലും അഡ്വാൻസായി നടപടി സ്വീകരിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. തുകയുടെ കുറവുകൊണ്ടല്ല, വിത്ത് വാങ്ങിക്കാത്തത്. വിത്ത് വാങ്ങുന്നതിന് ഓർഡർ ചെയ്തിട്ട് അത് കിട്ടാനുണ്ടായ ചെറിയ കാലതാമസമാണ് കാരണം. പക്ഷേ ഇപ്പോഴും സീസൺ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമായി പറയുവാൻ കഴിയും. ഈ ആഴ്ചയിൽത്തന്നെ അത് കൊടുക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : ഞാൻ ചോദിച്ചതിനല്ല മന്ത്രി മറുപടി പറഞ്ഞത്. അക്കാര്യം ഒന്ന് വ്യക്തമാക്കണം. വിത്ത്, ഓർഡർ ചെയ്ത കാര്യമല്ല ഞാൻ പറഞ്ഞത്. തുകയുടെ പ്രശ്നമല്ല, ഈ കൃഷി നശിച്ച വർക്ക് റിവോൾവിംഗ് ഫണ്ടിൽ പൈസ കൊടുക്കാമെന്ന് വ്യവസ്ഥയുണ്ട്. ഒരു ഹെക്ടറിന് 300 രൂപ വച്ച് കൊടുക്കാൻ ഇപ്പോഴത്തന്നെ സ്റ്റാൻറിംഗ് റൂൾസുണ്ട്. എന്നാൽ ആ സംഖ്യ ഒരൊറ്റ കർഷകനുപോലും കൊടുത്തിട്ടില്ല. അത് എന്തുകൊണ്ടാണ് കൊടുക്കാത്തത് ? നിങ്ങൾക്ക് എൻ. എസ്. സി. യിൽ നിന്ന് വിത്ത് തരുന്നില്ലെങ്കിൽ കൃഷിക്കാർ എവിടെ നിന്നെങ്കിലും വാങ്ങി കൃഷിയിറക്കും. അപ്പോൾ ആ ധനസഹായം അംഗീകൃതമായിട്ടുള്ള റിവോൾവിംഗ് ഫണ്ടിൽനിന്നും കൊടുക്കുവാനുള്ള ബാദ്ധ്യതയുണ്ട്. അപ്രകാരം ബാദ്ധ്യതപ്പെട്ടിട്ടുള്ള ധനസഹായം എന്തുകൊണ്ട് കൊടുത്തില്ലെന്നാണ് ഞാൻ ചോദിച്ചത്. അതിന്റെ മറുപടി പറയണം.

ശ്രീ. പി. ജെ. ജോസഫ് : കൃഷിക്കാർക്ക് നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുള്ള തുകയും ഈ റിവോൾവിംഗ് ഫണ്ടിൽനിന്നുള്ള തുകയുമായി യാതൊരു ബന്ധവുമില്ല. അത് കൊടുത്തതുകൊണ്ട് ആർക്കും തികയുകയില്ല. അതുകൊണ്ട് കേന്ദ്രത്തിൽനിന്നുള്ള അലോട്ടുമെൻറ് കിട്ടിയതിനു ശേഷം മാത്രമേ ആ തുക കൊടുക്കാൻ കഴിയുകയുള്ളു. കഴിഞ്ഞ വർഷവും വിത്ത് ആദ്യം കൊടുക്കുകയാണ് ചെയ്തത്. പിന്നെ, തുക രണ്ടാമതായിട്ടാണ് കൊടുക്കുന്നത്. കഴിഞ്ഞ വർഷത്തേത് മുഴുവനായിട്ടും വിതരണം നടത്തിയിട്ടുണ്ട്. ആ നിലയ്ക്ക് എത്രയാണെന്നറിയാതെ വിതരണം നടത്തുന്നതിൽ കാര്യമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഇതുതന്നെ ക്ലീയർ ആയിട്ടില്ല. രണ്ടാമത്തെ ചോദ്യം വേറെയുണ്ട്. മന്ത്രി ഇതിനെപ്പറ്റി അറിയാതെയാണ് മറുപടി പറയുന്നത്. ഒന്നുകിൽ അത് പഠിച്ച് മറുപടി പറയണം. റിവോൾവിംഗ് ഫണ്ടിൽനിന്നും എന്താണ് കൊടുത്തത് ? ഇന്ന് കൃഷിനാശത്തിന് കേന്ദ്രത്തിൽനിന്നും എന്ത് കിട്ടിയാലും കൃഷിക്കാർക്ക് കൊടുക്കുന്നത് മാക്സിമം 300 രൂപയാണ്. ഈ സംഖ്യ തീരെ അപര്യാപ്തമാണ്. 2500-ഓ 3000-മോ രൂപയുടെ കൃഷിനാശം വന്നാൽപ്പോലും 300 രൂപയാണ് മാക്സിമം കൊടുക്കുന്നത്. അപ്പോൾ കേന്ദ്രത്തിൽനിന്നും സഹായം വന്നുകഴിഞ്ഞാൽ ഇതിനെക്കാൾ കൂടുതൽ കൊടുക്കാൻ കാത്തിരിക്കുന്നുവെന്ന വസ്തുത അറിയാതെ പറയുകയാണ്. കേരളത്തിൽ ഇന്നുവരെ ഇതുപോലെ ഉണ്ടായിട്ടില്ല. 132 കോടി രൂപ അനുവദിച്ച കാലത്തും റിവോൾവിംഗ് ഫണ്ടിൽനിന്നും 300 രൂപയിൽ കൂടുതൽ കൃഷിക്കാർക്ക് കൊടുത്തിട്ടില്ല. അതുകൊണ്ട് നിങ്ങൾ കാത്തിരിക്കുന്നുവെന്ന് പറയുന്നതിൽ അർത്ഥമില്ല. ഇപ്പോഴത്തന്നെ കൊടുക്കുമോ എന്നാണ് ചോദിക്കുന്നത്.

ശ്രീ. പി. ജെ. ജോസഫ് : റിവോൾവിംഗ് ഫണ്ടിൽ ആകെയുള്ളത് 10 ലക്ഷം രൂപയാണ്. അത് കൊടുത്തതുകൊണ്ട് എങ്ങും എത്തുകയില്ലെന്നാണ് ഞാൻ പറഞ്ഞത്. 10 ലക്ഷം രൂപകൊണ്ട് 2 വില്ലേജുകളിൽപ്പോലും കൊടുക്കാൻ തികയുകയില്ല. അതുകൊണ്ടാണ് കേന്ദ്രത്തിൽനിന്ന് കിട്ടണമെന്ന് പറഞ്ഞത്, അതുകൊണ്ട് കാര്യമായി കൃഷിക്കാർക്ക് കൊടുക്കണമെങ്കിൽ.....(ബഹളം).....ഏതായാലും ഈ മുഴുവൻ സ്ഥലത്തും കൃഷിയിറക്കുന്നതിന് ആവശ്യമായ വിത്ത് കൊടുക്കുവാനുള്ള ക്വർപ്പാടാണ് കഴിഞ്ഞവർഷം ചെയ്തത്. ഇത് കിട്ടിയതിനെപ്പറ്റി കഴിഞ്ഞ വർഷം പരാതിയുണ്ടായിരുന്നു. അതുകൊണ്ട് ഒരു നടപടിക്രമം ആവശ്യമാണ്. കേന്ദ്രത്തിൽനിന്നും സഹായം കിട്ടിയതിനുശേഷംമാത്രമെ ബാക്കി തുക കൊടുക്കുവാൻ കഴിയുകയുള്ളു. അതല്ലാതെ ചെയ്യുന്നതിൽ അർത്ഥമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൂസ്സക്കുട്ടി : വെള്ളപ്പൊക്കവും അതിവർഷവും വന്ന അവസരത്തിൽ കേന്ദ്രവിദഗ്ദ്ധസംഘം കേരളത്തിൽ വന്ന് ഏതെല്ലാം കേന്ദ്രങ്ങളിലാണ് അവർ സന്ദർശനം നടത്തിയത്. വെള്ളപ്പൊക്ക ദുരിതാശ്വാസ കേന്ദ്രങ്ങളും പരിശോധിച്ചിട്ട് അവർ എന്താണ് ഗവൺമെന്റിനു നൽകിയ റിപ്പോർട്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : നാശനഷ്ടമുണ്ടായ സ്ഥലങ്ങളും അവർ പരിശോധിച്ചു. അവർ ആ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിനാണ് നൽകുന്നത്. ആ റിപ്പോർട്ട് എന്താണെന്ന് വ്യക്തമല്ല.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ മന്ത്രി വിശദാംശങ്ങളും പറയുന്നത് ഗുണകരമായിരിക്കുകയില്ലെന്ന് പറഞ്ഞു. പക്ഷെ നിങ്ങളും അവസാനം നഷ്ടം 342 കോടി രൂപയിലധികമായിരുന്നു എന്നാണ് കേന്ദ്രത്തിൽ അറിയിച്ചത്. എന്നാൽ ആവശ്യപ്പെട്ടത് 213 കോടി രൂപയാണ്. കേന്ദ്രജലസേചന വകുപ്പുമന്ത്രി ശ്രീ. യോഗേന്ദ്രമക്വാന ഉൾപ്പെടെയുള്ള ടീം ഇവിടെ വന്ന് അന്വേഷിച്ചിട്ട് ഒരു നയാപൈസപോലും ഇവർക്ക് കൊടുക്കരുതെന്നും കേരളത്തിന്റെ റിപ്പോർട്ട് വിശ്വസിക്കാൻ കൊള്ളരുതാത്തതാണെന്നുമാണ് കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്തതെന്ന് പ്രധാനപ്പെട്ട പല ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതുകൊണ്ടോണോ വിശദമായി പറയുവാൻ കഴിയുകയില്ലെന്നും കേന്ദ്രം പണം തന്നിട്ടില്ലെന്നും അതുകൊണ്ട് നിങ്ങൾക്ക് തരാൻ പറ്റില്ലെന്നും ഇവിടെ പറഞ്ഞതിന്റെ അർത്ഥമൊന്ന് വ്യക്തമാക്കിയാൽ തരക്കേടില്ല. ഇവിടെ ഒന്നും കൊടുത്തിട്ടില്ല. 10 കോടി നിങ്ങൾ കൊടുത്തു. 10 കോടി കിട്ടി. 9 കോടി നിങ്ങളുടെ കീശയിൽനിന്നും കൊടുത്തു. ഇവിടെ 200 കോടി രൂപയിൽ ആകെ 19 കോടി രൂപയുടെ കണക്കാണ് പറഞ്ഞത്. അതുകൊണ്ട് കേന്ദ്രത്തിൽ എന്ത് സമ്മർദ്ദമാണ് നിങ്ങൾ ചെലുത്താൻ പോകുന്നത് എന്ന് ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. പി. ജെ. ജോസഫ് : നാശനഷ്ടങ്ങൾ കണക്കാക്കുന്നതിലും, കേന്ദ്ര ഗവൺമെന്റ് സഹായം നൽകുന്നത് സംബന്ധിച്ചും വ്യക്തമായ ചില മാനദണ്ഡങ്ങൾ 1986-ലും പുറപ്പെടുവിച്ചിട്ടുണ്ട്. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് സഹായം ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ 349 കോടി രൂപയുടെ നഷ്ടമുണ്ടെങ്കിലും ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയപ്പോൾ 213 കോടി രൂപയേ നമുക്ക് ആവശ്യപ്പെടാൻ കഴിയുകയുള്ളൂ. അങ്ങനെ ഓരോ സംസ്ഥാനവും ആവശ്യപ്പെടുമ്പോൾ അത് ഉള്ളതിനെക്കാൾ കൂടുതലാണെന്ന് പറയും. ഈ ആവശ്യപ്പെടുന്നത് മുഴുവൻ കൊടുക്കാൻ സ്വാഭാവികമായും കഴിയുകയില്ല. അതുകൊണ്ട് ആ നിലയിൽ അല്ലാതെ കേരളത്തിനേറെത് മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നത് കൂടുതലാണെന്ന നിലയിലല്ലാതെ കേരളത്തിനേറെതുമാത്രം കൂടുതലാണെന്ന് ശ്രീ. യോഗേന്ദ്ര മക്വാന പറഞ്ഞിട്ടില്ല. വേറെ ആരും പറഞ്ഞതായും അറിവില്ല.

ശ്രീ. ഇ കെ. നായനാർ : വെള്ളപ്പൊക്കവും ഭൂകമ്പവും തീപിടിത്തവും എന്തെല്ലാം ഉണ്ടായാലും കേന്ദ്രം ധനസഹായം കൊടുക്കണമെന്ന് ധനകാര്യ കമ്മീഷന്റെ റക്കമെൻറേഷനിലുണ്ട്. ആ അടിസ്ഥാനത്തിൽ നമുക്ക് സഹായം തരേണ്ടതാണ്. അക്കാര്യം മറച്ചുവയ്ക്കുകയാണ് ചെയ്യുന്നത്.

ശ്രീ. പി. ജെ. ജോസഫ് : വ്യക്തമായ നോംസ് സംസ്ഥാന ഗവൺമെന്റിന് ഇത്തവണയും അയച്ചുതന്നിട്ടുണ്ട്. കൃഷിനാശം 100 കോടി രൂപയുണ്ടായാലും ആ നാശത്തിനേറെത് മറിച്ച് വീണ്ടും കൃഷി ഇറക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചെലവ് മാത്രമേ തരികയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആ നിലയിൽ ഒരു വീട് പൂർണ്ണമായി നശിച്ചാൽ ആയിരം രൂപ ഭാഗികമായി നശിച്ചാൽ 500 രൂപ. നമുക്ക് നഷ്ടം 10,000 രൂപയായിരിക്കും. പക്ഷേ കേന്ദ്രത്തിൽ നിന്ന് അത്രയേയുള്ളൂ. അങ്ങനെ നമുക്ക് നഷ്ടം വളരെ കൂടുതലുണ്ടാകും. ആ നിലയിലുള്ള മാനദണ്ഡം വച്ചുകൊണ്ടാണ് മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ളത്. അതിനെത്തുടർന്ന് സ്റ്റഡി ടീം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ റിപ്പോർട്ട് ഹൈലെവൽ കമ്മിറ്റിക്ക് സമർപ്പിച്ച് ഏതാനും മാസങ്ങൾകൊണ്ടുമാത്രമേ മുമ്പും അനുവാദം കിട്ടിയിട്ടുള്ളൂ. ആ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഏതാണ്ട് അവസാനത്തിൽ എത്തിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്.

ഡോ. കെ സി. ജോസഫ് : നെൽക്കൃഷി നാശത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ നിലവിലുള്ള സ്റ്റാൻറിംഗ് ഓർഡർ ആയിട്ടുള്ളത് ജി. ഒ. 6381 നമ്പരാണ്. അതിനകത്താണ് ബഹുമാനപ്പെട്ട ശ്രീ. കെ. പി. പ്രഭാകരൻ ചൂണ്ടിക്കാണിച്ചതുപോലെ സീഡ്സിന് കൊടുക്കുവാൻ 300 രൂപ ഉണ്ടെന്നാണ് പറയുന്നത്. ഇപ്പോഴത്തെ നാഷണൽ സീഡ്സ് കോർപ്പറേഷന്റെ സീഡ്സിന്റെ വില വളരെ കൂടിയിരിക്കുന്ന സാഹചര്യത്തിൽ 300 രൂപകൊണ്ട് 40 കിലോ വിത്ത് കിട്ടുകയില്ല. അതുകൊണ്ട് ആ 40 കിലോ തന്നെ വിത്തോ അതിന്റെ യഥാർത്ഥത്തിലുള്ള വിലയോ കൊടുക്കത്തക്കവണ്ണമുള്ള നടപടി ഉണ്ടാകണം. കഴിഞ്ഞകൊല്ലം ഈ ജി. ഒ. യെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകത്തക്കവണ്ണം നേരത്തെ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ആ ഉത്തരവിൽ ഇത്തവണ ഉണ്ടായ നഷ്ടത്തിന്റെയും കഴിഞ്ഞ കൊല്ലത്തിന്റേതായ വ്യത്യസ്തമായ സാഹചര്യവുംകൂടി കണക്കിലെടുത്തുകൊണ്ട് ആ ജി. ഒ. ഭേദഗതികളോടെ പുനഃപ്രസിദ്ധീകരിക്കാനും അതനുസരിച്ച് കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുവാനും അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : വില എത്രയെന്നുള്ളതല്ല. 40 കിലോ വിത്ത് കൊടുക്കുവാനും അതിൽ കൂടുതൽ ചെലവ് വന്നാൽ സംസ്ഥാന ഗവൺമെൻറ് വഹിക്കത്തക്കവണ്ണം അത് കൊടുക്കുവാനുമുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ ബണ്ടിടുന്നതിനുള്ള മറ്റ് സഹായങ്ങളെ സംബന്ധിച്ചും ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയ്ക്ക് ഇതുവരെ ഒരൊറ്റ പൈസപോലും അനുവദിച്ചിട്ടില്ലെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി നിഷേധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : തൃശ്ശൂർ ജില്ലയിൽ ഈ 10 കോടി രൂപ കിട്ടിയതിൽനിന്ന് 50 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ് : വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ ? വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് വിവിധ വകുപ്പുകളിലൂടെ വിനിയോഗിക്കപ്പെടുന്നതിന് പൊതുവായി എന്തെങ്കിലും മാനദണ്ഡമുണ്ടോ ?. പ്രളയബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾക്ക് കൂടുതൽ തുക നൽകുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കൂടുതൽ നാശനഷ്ടങ്ങളുണ്ടായ സ്ഥലത്തേക്ക് കൂടുതൽ തുക കൊടുക്കും. ഈ തുക കൊടുത്തിരിക്കുന്നതിൽ ഏറ്റവും കൂടുതൽ തുക ആലപ്പുഴ ജില്ലയ്ക്കാണ് കൊടുത്തിട്ടുള്ളത്. ആ

LIBRARY ARCHIVES Kerala Legislative Assembly

നിലയിലുള്ള സഹായം നൽകുന്നത് നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിലും പഴയ നില പുനഃസ്ഥാപിക്കുന്നതിനുമൊക്കെയുള്ള അടിസ്ഥാനത്തിലാണ്. അങ്ങനെയാണ് അലോട്ടുമെന്റ് നടത്തുന്നത്.

ശ്രീ. വി. വി. ജോസഫ് : വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന തുകയും നമ്മുടെ ഗവൺമെന്റ് അലോട്ട് ചെയ്യുന്ന തുകയുമെല്ലാം ഫലപ്രദമായി ചെലവഴിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ? അത് ഫലപ്രദമായി ചെലവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : ഈ തുകയെല്ലാം ഫലപ്രദമായി നിശ്ചിത സമയത്തുതന്നെ ചെലവാക്കാൻ ആവശ്യമായ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ഫൈനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ്, കുറേക്കൂടി ശക്തിപ്പെടുത്തി പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ കഴിഞ്ഞ വർഷം അതിനുവേണ്ടി നിയ ക്കുകയുണ്ടായി. ഇക്കാര്യങ്ങളും സൂപ്പർവൈസ് ചെയ്യുന്നതിനും ഫലപ്രദമായി ത്തന്നെ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് ഉദ്യോഗസ്ഥനെ നിയമിച്ചി ട്ടുള്ളത്. ഈ കാര്യങ്ങളും ഫലപ്രദമായിത്തന്നെ നടപ്പിലാക്കാൻ കഴിഞ്ഞ വർഷം കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വെള്ളപ്പൊക്കം കാരണം തൃശ്ശൂർ ജില്ലയിൽ ബണ്ട് പൊട്ടിയതുമൂലം ആയിരക്കണിന് ഏക്കർ സ്ഥലത്ത് കൃഷി നശിച്ചുപോവുകയുണ്ടായി. ആ പൊട്ടിയ ബണ്ട് നേരെയാക്കാതെ വീണ്ടും കൃഷിയിറക്കാൻ കഴിയുകയില്ല. പല കോണുനിലങ്ങളിലും വന്നിട്ടുള്ള ഈ നാശനഷ്ടം പരിഹരിക്കാൻവേണ്ടി ബണ്ട് നിർമ്മിക്കാൻ കൃഷിക്കാർക്ക് കഴിഞ്ഞിട്ടില്ല. ആ ബണ്ട് നിർമ്മിക്കുന്നതിന് ഇന്നുവരെ ഗവൺമെന്റ് ഒരു സഹായവും നൽകിയിട്ടില്ല എന്നാണ് അറിയുന്നത്. അടിയന്തിരമായി ബണ്ട് നിർമ്മിക്കുന്നതിന് കൃഷിക്കാർക്കുവേണ്ട സഹായം നൽകാൻ തയ്യാറാ കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കുട്ടനാട്ടിലാണെങ്കിലും തൃശ്ശൂർ പൊന്നാനി തുടങ്ങിയ കോണുനിലങ്ങളിലാണെങ്കിലും പൊട്ടിയ ബണ്ടുകളുടെ കാര്യങ്ങൾ ചെയ്യുന്നതിന് ഇത്തവണ മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ലഭിച്ചില്ലായെന്നുണ്ടെങ്കിൽ കൃഷിയിറ ക്കാൻ കഴിയുകയില്ല. ഇപ്പോഴാ കൃഷി ഇറക്കുന്ന സമയമാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിച്ച് ഈ ബണ്ട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ഉടനടി നൽകാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. പി. ജെ. ജോസഫ് : കഴിഞ്ഞ വർഷം പാടശേഖര കമ്മിറ്റികളെ കൊണ്ട് അത് അടിയന്തിരമായിചെയ്യിക്കുകയും അതിന് ആവശ്യമായ നിർദ്ദേശ ങ്ങളും നടപടികളും സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് അനുവാദം കൊടുക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂരിലും അത് ഏറ്റവും വേഗം ചെയ്തു തീർക്കാൻ വേണ്ട നടപടികളും സ്വീകരിക്കും.

ശ്രീ. കെ. പി. എ. മജീദ് : കഴിഞ്ഞ വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ സ്കീമിൽ കുറെയധികം നിർമ്മാണ പ്രവർത്തികളും ഏറ്റെടുത്തു നടത്തി യെങ്കിലും വേണ്ടത്ര അലോട്ടുമെന്റ് ഓരോ ജില്ലക്കും നൽകാത്തതിന്റെ പേരിൽ കുടിശ്ശിക കിടക്കുകയാണ്. അതു പരിഹരിക്കാൻ വേണ്ടി വല്ല നടപടിയും സ്വീകരിക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : ലഭ്യമായിട്ടുള്ള തുകയുടെ അടിസ്ഥാനത്തി ലാണ് ഇതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുള്ളത് അതു മാത്രമേ എനിക്ക് പറയുവാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly